ലക്ഷ്യമിടുന്നു. ഈ വർഷം രണ്ടു പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സിവിൽ സർവ്വീസ് സെലക്ഷൻ ലഭിക്കുകയും ഒരു വിദ്യാർത്ഥിക്ക് ഐ.ഐ.എം.-ൽ സെലക്ഷൻ കിട്ടുകയും ചെയ്തിട്ടുണ്ട്. ഈ വർഷം 41 ഐ.റ്റി.സി.-കളിലായി 11 ട്രേഡുകളിൽ (മെട്രിക്/നോൺ മെട്രിക്) പരിശീലനം നൽകിവരുന്നു. ഇത് പട്ടികജാതി യുവതീ യുവാക്കൾക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും സ്വയം തൊഴിൽ നേടുന്ന തിനും സഹായകമാവുന്നു. കൂടാതെ മൂന്ന് പി.ഇ.റ്റി.സി.-കളിൽ ഇപ്പോൾ കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള വിഷയങ്ങൾ പഠിപ്പിക്കുന്ന കോഴ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സ്വയം തൊഴിലിന് പട്ടിക വിഭാഗക്കാരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ പട്ടിക വർഗ്ഗ വികസന വകുപ്പിൽ പരിശീലന വിദ്യാഭ്യാസത്തിനായി 5 പദ്ധതികളാണ് നിലവിലുള്ളത്.

1. പ്രൊഡക്ഷൻ-കം-ട്രെയിനിംഗ് സെന്ററുകൾ
2. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററുകൾ
3. വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ
4. അഡീഷണൽ അപ്രന്റീസ്ഷിപ്പ് പദ്ധതി
5. വൊക്കേഷണൽ ട്രെയിനിംഗ് ആന്റ് മോസ്റ്റ് ബാക്ക്വേർഡ് ട്രൈബ്സ്

ഈ പരിശീലനം ലഭിച്ചവർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്താൻ സാധിക്കുന്നു.

(ഡി ആന്റ് ഇ) വകുപ്പുവഴി ചെലവഴിച്ച തുകകൾ എത്രയെന്നു കൃത്യമായി കണക്കാക്കണമെങ്കിൽ വകുപ്പുതല കണക്കുകൾ ട്രഷറിയുമായും അക്കൗണ്ട് ജനറലുമായും ഒത്തുനോക്കണം (റെക്കൺ സെൽ ചെയ്യണം). ഇങ്ങനെ റെക്കൺ സെൽ ചെയ്ത കണക്കിന്റെ വിവരം വിവിധ ജില്ലകളിൽ നിന്നും ശേഖരിച്ചുവരികയാണ്.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായ പദ്ധതി

*10 [310] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ചികിത്സാ ധനസഹായ പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതി അനുസരിച്ച് എത്ര രൂപയാണ് പരമാവധി സഹായം നൽകുന്നത്;

(സി) ഇതിന് എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ഉണ്ട്.

(ബി) 25,000 രൂപ (ഇരുപത്തയ്യായിരം രൂപ)

(സി) ഉണ്ട്. ഇത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്.†

† അനുബന്ധം I, II.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[13-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *10 (310) ദയവായി കാണുക]

പിന്നോക്ക പട്ടിക സമുദായ ക്ഷേമ മന്ത്രിയുടെ നാമധേയത്തിൽ പട്ടികജാതിക്കാർക്കായി ആരംഭിക്കുന്ന ദുരിതാശ്വാസ നിധി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

1. വാർഷിക കുടുംബ വരുമാനം 25,000 രൂപയിൽ കവിയാത്ത പട്ടികജാതി കുടുംബങ്ങൾക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ധനസഹായത്തിനർഹതയുണ്ടായിരിക്കുകയുള്ളൂ.

2. ആശ്വാസ ധനസഹായം ലഭിക്കാനുള്ള കുടുംബനാഥന്റെ/അവകാശിയുടെ അപേക്ഷയിൽ അത്യാഹിതം സംബന്ധിച്ച് പൂർണ്ണ വിവരങ്ങൾ സംഭവം നടന്ന തീയതിയും സമയവും ഉൾപ്പെടെ നല്കേണ്ടതാണ്.

3. ചികിത്സാ ചെലവിനുള്ള സഹായത്തിന് ചികിത്സ തുടങ്ങി മൂന്ന് മാസത്തിനുള്ളിൽ ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട താലൂക്ക് / ജില്ലാ പട്ടികജാതി വികസന ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ കാലതാമസത്തിന് മതിയായ കാരണമുണ്ടെന്ന് ബോധ്യപ്പെട്ടാൽ സ്വീകരിക്കുവാൻ പട്ടികജാതി വികസന ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും. അപേക്ഷ പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയ്ക്കും നേരിട്ട് സമർപ്പിക്കാവുന്നതാണ്.

4. ഈ പദ്ധതി പ്രകാരം ധനസഹായം നല്കാവുന്ന സാഹചര്യങ്ങളും, തുകയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും മറ്റും സംബന്ധിച്ച് വിവരങ്ങൾ താഴെ കൊടുക്കുന്നു:

സമാശ്വാസം ലഭിക്കാവുന്ന കാര്യങ്ങൾ	*ആവശ്യമായ രേഖ*	*പരമാവധി തുക (രൂപയിൽ)*
1. ചികിത്സാ ചെലവുകൾ:		
കാൻസർ മുതലായ രോഗങ്ങൾക്കുള്ള ചികിത്സ, ദീർഘകാലം നടക്കുന്ന ചികിത്സ, ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവ	1. മെഡിക്കൽ സർട്ടിഫിക്കറ്റ് 2. ജാതി സർട്ടിഫിക്കറ്റ് 3. വരുമാന സർട്ടിഫിക്കറ്റ്	25,000
2. തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം അത്യാവശ്യമായി വരുന്ന ചെലവുകൾ	1. ജാതി സർട്ടിഫിക്കറ്റ് 2. വരുമാന സർട്ടിഫിക്കറ്റ് 3. താലൂക്ക് ആഫീസറുടെ സർട്ടിഫിക്കറ്റ്/ശുപാർശ	10,000

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I—(തുടർച്ച)

5. മറ്റ് ഏതെങ്കിലും ഗവൺമെന്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായമോ ഇൻഷ്വറൻസ് തുകയോ ക്ഷേമനിധി വിഹിതമോ ലഭിച്ചിട്ടുണ്ടെങ്കിൽ അത്രയും തുക കുറച്ചുള്ള തുക മാത്രമേ ഈ പദ്ധതി പ്രകാരം ലഭിക്കുകയുള്ളൂ. ധനസഹായത്തിന് അപേക്ഷ നല്കുമ്പോൾ മറ്റ് ഏജൻസികളിൽനിന്നും ലഭിച്ച ധനസഹായത്തിന്റെ പൂർണ്ണമായ വിവരങ്ങൾ നല്കേണ്ടതാണ്.

6. 1000 രൂപവരെയുള്ള ധനസഹായം ബന്ധപ്പെട്ട താലൂക്ക് പട്ടികജാതി വികസന ആഫീസറും, 1001 രൂപ മുതൽ 9999 രൂപ വരെ പട്ടികജാതി വികസന ഡയറക്ടറും 10000 രൂപ മുതൽ 25000 രൂപ വരെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയും അനുവദിക്കുന്നതാണ്.

അനുബന്ധം II

[13-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *10 (310) ദയവായി കാണുക.]

പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ നാമധേയത്തിൽ പട്ടികവർഗ്ഗക്കാർക്കായി ആരംഭിക്കുന്ന ദുരിതാശ്വാസനിധി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

അപേക്ഷകൾ പിന്നോക്ക പട്ടിക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രിക്ക് നേരിട്ടോ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് സെക്രട്ടറി, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, ഐ.റ്റി.ഡി.പി. പ്രോജക്ട് ഓഫീസർ, ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ മുഖാന്തിരമോ സമർപ്പിക്കാവുന്നതാണ്. 9999 രൂപവരെ സഹായം അനുവദിക്കാനുള്ള അധികാരം പട്ടികവർഗ്ഗ വികസന ഡയറക്ടർക്ക് ഉണ്ടായിരിക്കും. അപേക്ഷ ലഭിച്ചാൽ ആവശ്യമായ അന്വേഷണങ്ങൾ നടത്തിയശേഷം തുക അനുവദിക്കാവുന്നതാണ്. തുക ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/റ്റി.ഡി.ഒ. മുഖേന ചെക്കായോ ഡ്രാഫ്റ്റായോ നല്കാവുന്നതാണ്.

പിന്നോക്ക പട്ടിക വിഭാഗ ക്ഷേമ മന്ത്രിക്ക് ലഭിക്കുന്ന അപേക്ഷകളിന്മേൽ തുക അനുവദിച്ച് സർക്കാർ ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ആ തുകയ്ക്കുള്ള ചെക്ക്/ഡ്രാഫ്റ്റ് ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ മുഖേന അപേക്ഷകന് നല്കേണ്ടതാണ്.

തുക നല്കുന്നതിനുമുമ്പ് അപേക്ഷകന്റെ സഹായത്തിനുള്ള അർഹത പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. തുക അനുവദിച്ച് കഴിഞ്ഞാൽ യോഗ്യരായ അപേക്ഷകരെ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്താഫീസിൽ വിളിച്ചുവരുത്തി പഞ്ചായത്ത് പ്രസിഡന്റിന്റെയോ മെമ്പറുടെയോ സാന്നിദ്ധ്യത്തിൽ അന്ന് വിതരണം ചെയ്യേണ്ടതാണ്.

ചികിത്സാ ചെലവിനുള്ള സഹായത്തിന് ചികിത്സ തുടങ്ങി മുന്ന് മാസത്തിനുള്ളിൽ ധനസഹായത്തിനുള്ള അപേക്ഷ ബന്ധപ്പെട്ട ഐ.ടി.ഡി. പ്രോജക്ട് ഓഫീസർ/ജില്ലാ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭിക്കുന്ന അപേക്ഷകൾ കാലതാമസത്തിന് മതിയായ കാരണമുണ്ടെന്ന് ബോധ്യപ്പെട്ടാൽ സ്വീകരിക്കുവാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II—(തുടർച്ച)

ഈ പദ്ധതി പ്രകാരം ധനസഹായം നല്കാവുന്ന സാഹചര്യങ്ങളും തുകയും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും മറ്റും സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു:

ധനസഹായം ലഭിക്കാവുന്ന കാര്യങ്ങൾ	*ആവശ്യമായ രേഖ*	*പരമാവധി തുക (രൂപയിൽ)*
1. ചികിത്സ ചെലവുകൾ:		
കൃാൻസർ മുതലായ രോഗങ്ങൾക്കുള്ള ചികിത്സ, ദീർഘകാലം നടക്കുന്ന ചികിത്സ, ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് തുടങ്ങിയവ	1. മെഡിക്കൽ സർട്ടിഫിക്കറ്റ് 2. ജാതി സർട്ടിഫിക്കറ്റ് 3. വരുമാന സർട്ടിഫിക്കറ്റ്	25,000 (ഇരുപത്തയ്യായിരം)
2. തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം അത്യാവശ്യമായി വരുന്ന ചെലവുകൾ	1. ജാതി സർട്ടിഫിക്കറ്റ് 2. വരുമാന സർട്ടിഫിക്കറ്റ് 3. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ്/ശുപാർശ 4. വില്ലേജ് ആഫീസറുടെ/ തഹസിൽദാറുടെ സർട്ടിഫിക്കറ്റ്/ശുപാർശ	10,000 (പതിനായിരം)

മറ്റ് ഏതെങ്കിലും ഗവൺമെന്റ് ഏജൻസിയിൽനിന്നുള്ള ധനസഹായമോ ഇൻഷ്വറൻസ് തുകയോ, രക്ഷാനിധി വിഹിതമോ ലഭിച്ചിട്ടുണ്ടെങ്കിൽ അത്രയും തുക കുറച്ചുള്ള തുക മാത്രമേ ഈ പദ്ധതി പ്രകാരം ലഭിക്കുകയുള്ളു. ധനസഹായത്തിന് അപേക്ഷ നല്കുമ്പോൾ മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ പൂർണ്ണ വിവരം നല്കേണ്ടതാണ്.

അനുബന്ധം III

[13-7-2004-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *16 (316) ദയവായി കാണുക]

ഗിരി വികാസ്—S.S.L.C.—പാലക്കാട്

വർഷം	പരിശീലനം നേടിയവർ	വിജയിച്ചവർ	ശതമാനം
1993-94	27	24	85
1994-95	48	42	87
1995-96	51	39	75
1996-97	47	46	97.8
1997-98	48	42	87.5

LIBRARY ARCHIVES Kerala Legislative Assembly